കെഎംഎ ലീഡർഷിപ്പ് അവാർഡ് പ്രസാദ് കെ. പണിക്കർക്ക് സമ്മാനിച്ചു

കൊച്ചി: കേരള മാനേജ്മെന്റ് അസോസിയേഷൻ ലീഡർഷിപ്പ് അവാർഡ്സ് മറൈൻഡ്രൈവ് താജ് വിവാന്തയിൽ നടന്നു. കേരള സർക്കാർ മുൻ ചീഫ് സെക്രട്ടറി പോൾ ആന്റണി മുഖ്യാതിഥിയും കൊച്ചിൻ ഷിപ്യാർഡ് ലിമിറ്റഡ് മുൻ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മധു എസ് നായർ വിശിഷ്ടാതിഥിയുമായിരുന്നു. കേരള സർക്കാർ മുൻ ചീഫ് സെക്രട്ടറി ടോം ജോസായിരുന്നു ചീഫ് ഓഫ് ദി ജൂറി. നയാര എനർജി ലിമിറ്റഡ് എക്സിക്യൂട്ടീവ് ചെയർമാൻ പ്രസാദ് കെ പണിക്കർക്ക് പുരസ്കാരം സമ്മാനിച്ചു.

കേരളത്തിൽ വൻ തുകയുടെ നിക്ഷേപമാണ് പ്രസാദ് കെ പണിക്കരുടെ നേതൃത്വത്തിലെത്തിയതെന്ന് പോൾ ആന്റണി മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു. കേരളത്തിൽ ബിസിനസുകളോ മറ്റു കാര്യങ്ങളോ ഒന്നും നടക്കില്ലെന്ന് പറഞ്ഞ സ്ഥാനത്താണ് പ്രസാദ് കെ പണിക്കർ ചെയ്തു കാണിച്ചതെന്ന് മധു എസ് നായർ പറഞ്ഞു. വെല്ലുവിളികളിൽ നിന്ന് ഓടിപ്പോവുകയല്ല അതിനെ നേരിടുകയും അതിജീവിക്കുകയുമാണ് വേണ്ടതെന്നും ഡിജിറ്റൽ ലോകവും വികസനവും മുമ്പോട്ടു പോകുന്ന കാലഘട്ടത്തിൽ പുതിയ വെല്ലുവിളികളെ ഒരുമിച്ച് നേരിടേണ്ടത് അത്യാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.പ്രസാദ് പണിക്കർ തെരഞ്ഞെടുക്കപ്പെടാൻ അദ്ദേഹത്തിന്റെ മികച്ച പ്രവർത്തനങ്ങളാണ് കാരണമായതെന്ന് ചീഫ് ഓഫ് ദി ജൂറി ടോം ജോസ് പറഞ്ഞു.

പുരസ്കാരത്തിന് പ്രസാദ് കെ പണിക്കർ നന്ദി അറിയിച്ചു. എല്ലാ ലീഡർഷിപ്പ് പുരസ്കാരങ്ങളും ടീം അവാർഡാണെന്നും നിരവധി പേരുടെ പരിശ്രമങ്ങളാണ് ഇത്തരം പുരസ്കാരങ്ങൾക്ക് കാരണമാകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.കേരള മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് കെ ഹരികുമാർ അധ്യക്ഷത വഹിച്ചു. കെ എം എ സീനിയർ വൈസ് പ്രസിഡന്റ് അൽജിയേഴ്സ് ഖാലിദ് പ്രസംഗിച്ചു. കെ എം എ മാനേജ്മെന്റ് ലീഡർഷിപ്പ് അവാർഡ് ചെയർ എസി കെ നായർ സ്വാഗതവും കെ എം എ ഹോണററി സെക്രട്ടറി കെ അനിൽ വർമ നന്ദിയും പറഞ്ഞു.

കേരള മാനേജ്മെന്റ് അസോസിയേഷൻ ലീഡർഷിപ്പ് അവാർഡ്സ് കേരള സർക്കാർ മുൻ ചീഫ് സെക്രട്ടറി പോൾ ആന്റണി നയാര എനർജി ലിമിറ്റഡ് എക്സിക്യൂട്ടീവ് ചെയർമാൻ പ്രസാദ് കെ പണിക്കർക്ക് സമ്മാനിക്കുന്നു.

ദൃശ്യം മോഹനം ഡാൻസ് ഫെസ്റ്റിവൽ ഇന്നും നാളെയും

കൊച്ചി: പ്രശസ്ത സിനിമ സംവിധായകനായ മോഹന്റെ പേരിൽ സത്യാഞ്ജലി കുച്ചുപ്പുടി ഡാൻസ് അക്കാദമിയും ചാവറ കൾച്ചറൽ സെന്ററും എഫ്സിഡിഎഫ്ഒ (ഫെഡറേഷൻ ഓഫ് ക്ലാസിക്കൽ ഡാൻസ് ഫെസ്റ്റിവൽ ഓർഗനൈസേഷൻ)യുടെ സഹകരണത്തോടെ നടത്തുന്ന രണ്ടാമത് ദൃശ്യം മോഹനം ഡാൻസ് ഫെസ്റ്റിവൽ ചാവറ കൾച്ചറൽ തിയേറ്ററിൽ നടത്തുന്നു. ഇന്നും നാളെയുമായി നടക്കുന്ന പരിപാടി മുൻ മന്ത്രി ഡോ. ആർ ബിന്ദു രാവിലെ 10 മണിക്ക് ഉദ്ഘാടനം ചെയ്യും. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സിഎംഐ അധ്യക്ഷതവഹിക്കും. ശ്രീകുമാരി രാമചന്ദ്രൻ, വിക്രം ഗൗഡ. ചിത്ര സുകുമാരൻ, ഡോ. സജിനി വല്ലഭനേനി, ഹേമ എന്നിവർ പ്രസംഗിക്കും.

വൈകിട്ട് നാലുമണിക്ക് നടക്കുന്ന പുരസ്കാരദാന ചടങ്ങിൽ കേന്ദ്രമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയാകും. സിനിമാ മേഖലയ്ക്ക് നൽകിയിട്ടുള്ള സംഭാവനകളെ അധികരിച്ച് നാഷണൽ എക്സ്ലൻസ് അവാർഡ് നടനും സംവിധായകനുമായ പത്മശ്രീ ബാലചന്ദ്രമേനോന് സുരേഷ് ഗോപി സമർപ്പിക്കും. പരിപാടിയിൽ ടി. ജെ. വിനോദ് എംഎൽഎ, സംവിധായകരായ വിനയൻ, സിബി മലയിൽ, ബി ഉണ്ണിക്യഷ്ണൻ, സത്യഞ്ജലി അക്കാദമി ഓഫ് കുച്ചുപ്പുടി ഡാൻസ് ഡയറക്ടർ അനുപമ മോഹൻ എന്നിവർ പങ്കെടുക്കും. തുടർന്ന് പാരീസ് ലക്ഷ്മി, സുദർശൻ കലാക്ഷേത്ര, അഡ്വ. പാർവതി മേനോൻ, കലാമണ്ഡലം ധനുഷ സന്യാൽ, ശ്വേത വെങ്കിടേഷ്, സൗമ്യ സുകുമാരൻ എന്നിവർ നൃത്തങ്ങൾ അവതരിപ്പിക്കും.

മെയ് 31 രാവിലെ 9 മണിമുതൽ നാഷണൽ ഡാൻസ് മത്സരങ്ങൾ നടക്കും. ഭരതനാട്യം, കുച്ചുപ്പുടി, മോഹിനിയാട്ടം, ഒഡീസി തുടങ്ങിയ നൃത്തരൂപങ്ങളും അരങ്ങേറും.

പ്രതിഷേധ പ്രകടനം

കോതമംഗലം: സിപിഎം പൊളിറ്റ് ബ്യൂറോ അംഗം പിണറായി വിജയനെതിരെ നടന്ന ഇ ഡി റെയ്ഡിൽ പ്രതിഷേധിച്ച് കോതമംഗലം ടൗണിൽ പ്രതിഷേധ പ്രകടനവും യോഗവും നടത്തി.കോതമംഗലം ഏരിയ കമ്മിറ്റി സംഘടിപ്പിച്ച പ്രതിഷേധം സിപിഐ എം ജില്ല സെക്രട്ടറിയറ്റ് അംഗം ആർ അനിൽകുമാർ ഉദ്ഘാടനം ചെയ്തു.

ഏരിയ സെക്രട്ടറി കെ എ ജോയി, ഏരിയ കമ്മിറ്റി അംഗങ്ങളായ സി പി എസ് ബാലൻ, കെ കെ ശിവൻ, കെ പി മോഹനൻ, പി പി മൈതീൻ ഷാ, സാബു വർഗീസ്, ജോണി കുര്യയപ്പ് തുടങ്ങിയവർ സംസാരിച്ചു.

മീനാക്ഷി ഇടപ്പള്ളി സ്കൂളിൽ ഇഷ്ടവിഷയം പഠിക്കും

കൊച്ചി: ഭിന്നശേഷി സൗഹൃദമായ ഹയർസെക്കൻഡറി സ്കൂളുകൾ ഇല്ലാത്തിനാൽ തുടർ പഠനം മുടങ്ങുമോ എന്ന് ആശങ്കപ്പെട്ട മീനാക്ഷി ഇടപ്പള്ളി ഗവ.ഹയർസെക്കൻഡറി സ്കൂളിൽ കമ്പ്യൂട്ടർ സയൻസ് എടുത്ത് പ്ലസ് ടു പഠിക്കും. സ്കൂളിൽ റാമ്പ് ഉടൻ പണിയും. സ്കൂൾ അധികൃതരുമായി മുഖ്യമന്ത്രി വി ഡി സതീശൻ സംസാരിച്ചു. സ്കൂളിന്റെ കൈവശം ഉള്ള തുകയ്ക്ക് പുറമെ റാമ്പ് പണിയാനുള്ള ബാക്കി തുക സർക്കാർ നൽകും. ലാബ് സൗകര്യവും താഴത്തെ നിലയിലേക്കാക്കും. തൃപ്പൂണിത്തുറ എംഎൽഎ ദീപക് ജോയ്ക്കാണ് ഇത് സംബന്ധിച്ച് നിർദേശങ്ങൾ മുഖ്യമന്ത്രി നൽകിയത്.

നിർമാണം ഉടൻ പൂർത്തിയാക്കണം

ചേർത്തല : കായിപ്പുറം പാലയ്ക്കൽ - കായിക്കര റോഡ് നിർമ്മാണം ഉടൻ പൂർത്തിയാക്കണമെന്ന് നാട്ടുകാർ. കഴിഞ്ഞ ജനുവരി 2 ന് പുന:ർനിർമ്മാണത്തിനായി റോഡ് പൊളിച്ചതാണ്. ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്ന് പറഞ്ഞാണ് കരാറുകാരൻ റോഡ് പണി ആരംഭിച്ചത്. അധികാരികളുടെ അനാസ്ഥ മൂലം റോഡ് പണിമുടങ്ങിയെന്ന് നാട്ടുകാർ കുറ്റപ്പെടുത്തുന്നു. സ്കൂൾ കുട്ടികളും ആശുപത്രിയിൽ പോകുന്ന വയോജനങ്ങളും ഇളകിയ മെറ്റലായതിനാൽ വളരെയധികം ദുരിതമനുഭവിക്കുന്നു. എത്രയും വേഗം പണി പൂർത്തീകരിച്ചില്ലെങ്കിൽ പഞ്ചായത്ത് പടിക്കൽ സമര പരിപാടികളുമായി മുന്നോട്ടു പോകുമെന്നാണ് നാട്ടുകാർ പറയുന്നത്.

പോക്സോ കേസ് പ്രതികളെ വെറുതെവിട്ടു

മൂവാറ്റുപുഴ: വീട്ടുവേലയ്ക്ക് എത്തിച്ച തമിഴ്നാട് സ്വദേശിനി ഏഴു വയസുകാരി പൊള്ളലേറ്റ് മരിച്ച കേസിൽ മൂന്ന് പ്രതികളെയും വെറുതെ വിട്ട് മൂവാറ്റുപുഴ പോക്സൊ സ്പെഷ്യൽ കോടതി ഉത്തരവ്.ഒന്നാം പ്രതി ആലുവ അശോകപുരം അനന്താശ്രമം വീട്ടിൽ സിന്ധു നായർ (52), ഭർത്താവ് ഹൈക്കോടതി അഭിഭാഷകൻ ജോസ് കുര്യൻ (51), കുട്ടിയെ ജോലിക്കെത്തിച്ച ഏജന്റ് കടലൂർ കടപ്പാക്കുറിച്ചി സ്വദേശി നാഗപ്പൻ (61) എന്നിവരെയാണ് സംശയത്തിന്റെ ആനുകൂല്യം നൽകി ജഡ്ജി മഹേഷ് ജി. വിട്ടയച്ചത്. മറ്റൊരു ഏജന്റ് ചേരാനല്ലൂർ വലിയവീട്ടിൽ ഷൈല നാസറിനെ (50) കുറ്റക്കാരിയല്ലെന്നു കണ്ടു സെഷൻസ് കോടതി പ്രതിപ്പട്ടികയിൽ നിന്ന് നേരത്തെ ഒഴിവാക്കിയിരുന്നു. അശോകപുരത്തെ ദമ്പതികളുടെ വീട്ടിൽ ജോലിക്ക് എത്തിച്ച ധനലക്ഷ്മി എന്ന കുട്ടിയാണ് മരിച്ചത്. കടുത്ത ശാരീരിക പീഡനത്തിനിരയായി പൊള്ളലേറ്റു മരിച്ചു എന്നായിരുന്നു കേസ്.

സ്കൂൾ തുറക്കാൻ ഇനി രണ്ട് ദിവസം

ജപ്പാൻ കുടിവെള്ളമില്ല; അധ്യാപകർ ആശങ്കയിൽ

ചേർത്തല: കഴിഞ്ഞ 8 ദിവസമായി മുഹമ്മയിലും പരിസര പ്രദേശങ്ങളിലും ശുദ്ധജല വിതരണം മുടങ്ങിയിട്ട്. കായലോര ഗ്രാമമായ മുഹമ്മയിലെ ജനങ്ങളുടെ ഏക ആശ്രയം ജപ്പാൻ കുടിവെള്ളം മാത്രമാണ്. കുഴൽ കിണറുകളുണ്ടെങ്കിലും ഉപയോഗയോഗ്യമല്ല. മഴക്കാലമായതിനാൽ ജലജന്യ രോഗങ്ങളും, പകർച്ചവ്യാധികളും പടരാൻ സാധ്യതയുള്ളതിനാലും, ശുദ്ധജലം ഇല്ലാത്തതിനാലും സ്കൂൾ വിദ്യാർത്ഥികളുടെയും, വിദ്യാർത്ഥിനികളുടെയും കാര്യത്തിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരും ആശങ്കയിലാണ്. എൽ പി സ്കൂൾ ഉൾപ്പടെ 11 സ്ക്കൂളുകളും, 27അങ്കണവാടികളുമാണ് മുഹമ്മ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. ആയതിനാൽ ബന്ധപ്പെട്ടവരുടെ ശ്രദ്ധ അത്യാവശ്യമാണെന്നും സ്കൂൾ അധികൃതർ അഭിപ്രായപ്പെടുന്നു.

ആര്യക്കര വില്ലേജ് ഓഫീസിനു സമീപത്തെ കിണറും, മുഹമ്മ ജംഗ്ഷനു സമീപത്തെ കിണറും പൊതുജനങ്ങൾക്ക് പ്രയോജനമില്ലാതായിട്ട് വർഷങ്ങളായി. ബോട്ടുജെട്ടിക്ക് സമീപമുണ്ടായിരുന്ന കൈ കൊണ്ട് പ്രവർത്തിപ്പിക്കുന്ന പഞ്ചായത്തിന്റെ പൈപ്പും ഇപ്പോഴില്ല.

ശുദ്ധജല വിതരണത്തിനായി ഗ്രാമ പഞ്ചായത്ത് സ്ഥാപിച്ച 6 ആർ ഒ പ്ലാന്റുകൾ പ്രവർത്തനരഹിതമാണ്. തീരപ്രദേശത്ത് പ്രാഥമിക ആവശ്യങ്ങൾക്കു പോലും വെള്ളമില്ല. കായൽ ജലം നാഷണൽ ഹൈവേ ഡ്രഡ്ജിംഗ് മൂലം ചെളി നിറഞ്ഞതിനാൽ ഉപയോഗശൂന്യമാണ്. 50 രൂപ കൊടുത്താലും ശുദ്ധജലം ലഭ്യമല്ലെന്ന് നാട്ടുകാർ പറയുന്നു. ചേർത്തല 11-ാം മൈലി ണ്ടായ കുടിവെള്ള പൈപ്പിന്റെ ചോർച്ച പരിഹരിക്കുവാനുള്ള അറ്റകുറ്റപണി മൂലമാണ് മാരാരിക്കുളം വടക്ക്, കഞ്ഞിക്കുഴി, മുഹമ്മ , ചേർത്തല തെക്ക് പഞ്ചായത്തുകളിൽ കുടിവെള്ളം മുട്ടിയത്. പണി പൂർത്തിയാക്കി അടിയന്തരമായി ശുദ്ധജലം ലഭ്യമാക്കിയില്ലെങ്കിൽ ചേർത്തല ജല അതോറിറ്റിക്ക് മുന്നിൽ ജനകീയ സമരം സംഘടിപ്പിക്കാനാണ് നാട്ടുകാരുടെ തീരുമാനം.

തെരുവുനായ നിയന്ത്രണം: പദ്ധതികൾക്ക് ശുപാർശ ചെയ്ത് ചേർത്തല നഗരസഭ

ചേർത്തല : സുപ്രീം കോടതി നിർദ്ദേശപ്രകാരം തെരുവ് നായ നിയന്ത്രണം പ്രായോഗികമാക്കുന്നത് സംബന്ധിച്ച് ചേർത്തല നഗരസഭയിൽ യോഗം ചേർന്നു. നഗരസഭാ വൈസ് ചെയർപേഴ്സൺ എൻ.എൽ. വത്സലകുമാരി യോഗം ഉദ്ഘാടനം ചെയ്തു. തെരുവ് നായ നിയന്ത്രണം യാഥാർത്ഥ്യമാക്കുവാൻ ബഹുമുഖ പദ്ധതികൾ ആവിഷ്കരിക്കാൻ യോഗം നഗരസഭാ കൗൺസിലിനോട് ശുപാർശ ചെയ്തു.

അപകടകാരികളും അക്രമാസക്തരുമായ തെരുവ് നായകൾ ഒഴിച്ച് മറ്റ് തെരുവ് നായകളെ കൊല്ലുന്നതിന് ഇപ്പോഴും അനുമതി ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നായകളുടെ പ്രജനന നിയന്ത്രണം ഫലപ്രദമാക്കുകയാണ് സാധ്യമായ മാർഗ്ഗമെന്ന് യോഗം വിലയിരുത്തി. പുതുതായി തെരുവ് നായ സൃഷ്ടിക്കപ്പെടുന്ന സാഹചര്യം കർശനമായി ഒഴിവാക്കണമെന്നും യോഗം നിർദ്ദേശിച്ചു. വീട്ടിൽ വളർത്തുന്ന നായ്ക്കൾക്കുണ്ടാകുന്ന കുഞ്ഞുങ്ങളെ തെരുവിൽ ഉപേക്ഷിക്കുന്നതിലൂടെയും പ്രായമായതും രോഗബാധിതരുമായ നായകളെ തെരുവിൽ ഉപേക്ഷിക്കുന്നതിലൂടെയുമാണ് തെരുവ് നായകൾ പെരുകുന്നത്.

നായകളുടെ ലൈസൻസ് വ്യവസ്ഥകൾ കർശനമാക്കുവാനും വളർത്തുനായകൾക്ക് നിർബന്ധ വന്ധ്യംകരണം ഏർപ്പെടുത്തുവാനും യോഗം ശുപാർശ ചെയ്തു. സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ നിന്ന് നായകളെ ഒഴിവാക്കുന്നതിന് അവിടെ നിന്നുള്ള ഭക്ഷണലഭ്യത ഇല്ലാതാക്കണം. പകരം പ്രത്യേക സ്ഥലങ്ങളിൽ കൃത്യമായി ഭക്ഷണം നൽകുന്നതിന് മൃഗസ്നേഹികളുടെ സഹായത്തോടെ സംവിധാനം ഒരുക്കണമെന്നും യോഗം നിർദ്ദേശിച്ചു.

മുനിസിപ്പൽ സെക്രട്ടറി ടി.കെ. സുജിത് വിശദീകരണം നടത്തി. ജില്ലാ പഞ്ചായത്ത് സീനിയർ സൂപ്രണ്ട് പി.വി. വിനോദ് വിഷയം അവതരിപ്പിച്ചു.സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷരായ ബീന അജി, എസ്. സനീഷ്, ടോമി എബ്രഹാം, കൗൺസിലർമാരായ സി.ഡി. ശങ്കർ, വി.കെ. സാനു, ടെസി ബോണി, ഡി. ഷാജി, ടി.എസ്. ജാസ്മി, വി.എ. സുരേഷ് കുമാർ, ആശ മുകേഷ്, ഡി. ജ്യോതിഷ്, കെ.എസ്. സലിം, സന്തോഷ്, അഖിൽ, മുൻ കൗൺസിലർ അനൂപ് ചാക്കോ, സീനിയർ വെറ്റിനറി സർജൻ ഡോ. എം.കെ. ബിനു തുടങ്ങിയവർ സംസാരിച്ചു.

സ്വാശ്രയ സഹായ ഗ്രൂപ്പുകളുടെ വാർഷിക സമ്മേളനം

പറവൂർ: പള്ളിയാക്കൽ സർവീസ് സഹകരണ ബാങ്കിലെ സഹകരണ സ്വാശ്രയ സഹായ ഗ്രൂപ്പുകളുടെ 26-ാം വാർഷിക സമ്മേളനം കടക്കര കവലയിലെ സഹകരണ കാർഷിക സേവന കേന്ദ്രത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.ബാങ്ക് പ്രസിഡന്റ് എ സി ഷാൻ അധ്യക്ഷനായി.അജീഷ് ബാലു, കെ ഡി വിൻസന്റ്, കെ എ ജോസഫ്, എം വി വർഗീസ്, വി വി സനിൽ എന്നിവർ സംസാരിച്ചു. കൃഷി സഹകരണ സ്വാശ്രയ സഹായ സംയുക്ത ഗ്രൂപ്പുകളുടെ വാർഷിക സമ്മേളനം പഞ്ചായത്ത് പ്രസിഡന്റ സീന സജീവ് ഉദ്ഘാടനം ചെയ്തു.

എ ജെ ജോയ് അധ്യക്ഷനായി.പൊക്കാളി, മത്സ്യം, ടൂറിസം കർഷക എസ്എച്ച്ജി ഗ്രൂപ്പുകളുടെ സംയുക്ത വാർഷിക ജനറൽ ബോഡി സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ വി എം ശശി ഉദ്ഘാടനം ചെയ്തു.എൻ പി സന്തോഷ്കുമാർ അധ്യക്ഷനായി.ഡിടിപിസി സെക്രട്ടറി ലിജോ ജോസഫ് മുഖ്യാതിഥിയായി. മുട്ടക്കോഴി, താറാവ്, ക്ഷീരകർഷക എസ്എച്ച്ജി ഗ്രൂപ്പുകളുടെ വാർഷിക ജനറൽ ബോഡി യോഗം ജില്ല പഞ്ചായത്തംഗം മേരി വിൻസന്റ് ഉദ്ഘാടനം ചെയ്തു.എ സി രേണുക അധ്യക്ഷയായി. സമാപന സമ്മേളനം ശനി രാവിലെ 10ന് പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി ആർ സൈജൻ ഉദ്ഘാടനം ചെയ്യും. സമ്മാനവിതരണവും കലാപരിപാടികളും നടക്കും.

പള്ളിയാക്കൽ സർവീസ് സഹകരണ ബാങ്കിലെ സഹകരണ സ്വാശ്രയ സഹായ ഗ്രൂപ്പുകളുടെ വാർഷികസമ്മേളനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

ഗണിതാധ്യാപകരുടെ യാത്രയയപ്പ് സമ്മേളനം

ചേർത്തല: ചേർത്തല വിദ്യാഭ്യാസ ജില്ലയിൽ ഈ വർഷം സർവീസിൽനിന്ന് വിരമിച്ച ഗണിതാധ്യാപകർക്ക് ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ യാത്രയയപ്പ് നൽകി. പെരുമ്പളം ഹയർ സെക്കന്ററി സ്കൂൾ പ്രധാനാധ്യാപിക എം. ഉമാലക്ഷ്മി, മാരാരിക്കുളം സെന്റ് അഗസ്റ്റിൻ ഹൈസ്കൂൾ പ്രധാനാധ്യാപിക പി.ബി.റോസമ്മ, തണ്ണീർമുക്കം ഹയർ സെക്കന്ററി സ്കൂൾ പ്രധാനാധ്യാപകൻ കെ. ടി. സന്തോഷ്, പള്ളിത്തോട് സെന്റ് സെബാസ്റ്റിൻ ഹൈസ്കൂൾ പ്രധാനാധ്യാപിക ക്രിസ്ജ നോർബർട്ട്, ചന്തിരൂർ ഹയർ സെക്കന്ററി സ്കൂൾ ഗണിതാധ്യാപിക ബീന ജാക്സൺ,അരൂർ സെന്റ് അഗസ്റ്റിൻ ഹയർ സെക്കന്ററി സ്കൂൾ ഗണിതാധ്യാപിക വി. ജെ.മീനാ, കലവൂർ ഹയർ സെക്കന്ററി സ്കൂൾ ഗണിതാധ്യാപിക കെ.ഷീബാ, കണ്ടമംഗലം ഹയർ സെക്കന്ററി സ്കൂൾ ഗണിതാധ്യാപിക ടി.ആശാ എന്നിവരാണ് സർവീസിൽ നിന്നും വിരമിച്ചത്.

കണ്ടമംഗലം ഹയർ സെക്കന്ററി സ്കൂൾ പ്രധാനാധ്യാപകൻ ഋഷി നടരാജൻ യാത്രയയപ്പ് സമ്മേളനം ഉത്ഘാടനം ചെയ്തു. ചേർത്തല ഹോളി ഫാമിലി ഹയർ സെക്കന്ററി സ്കൂൾ ഗണിതാധ്യാപകൻ സാജു തോമസ് യോഗത്തിന് അധ്യക്ഷത വഹിച്ചു. എം. സുരേഷ്, എം.എസ്. റനീഷ്, എസ്. സൈന, സീമ സുഗതൻ, വി. ജ്യോതിലക്ഷ്മി എന്നിവർ പ്രസംഗിച്ചു. സിജിന ആന്റണി, ജി. സതീഷ്കുമാർ, പി.ലതിക, പി. ആർ. സുജാത റാവു എന്നിവർ ഉപഹാരം നൽകി.

ചേർത്തല വിദ്യാഭ്യാസജില്ലയിലെ വിരമിക്കുന്ന ഗണിതാധ്യാപകർ ഗണിത ക്ലബ്ബിലെ അംഗങ്ങളോടൊപ്പം.

ത്രിദിനശിൽപ്പശാല സംഘടിപ്പിച്ചു

കോലഞ്ചേരി : കോലഞ്ചേരി എം.ഒ.എസ്. സി നഴ്സിംഗ് കോളെജിന്റെയും മെഡിക്കൽമിഷൻ ഹോസ്പിറ്റൽ നഴ്സിംഗ് വിഭാഗത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ജോലി സന്നദ്ധതയ്ക്കുംതൊഴിലവസരങ്ങൾക്കുമായി നവാഗതനഴ്സിംഗ് സമൂഹത്തിന്റെ ശാക്തീകരണം എന്ന വിഷയത്തിൽ ത്രിദിന ശിൽപശാല സംഘടിപ്പിച്ചു.ആസ്റ്റർ ഡി എം സൗത്ത് കേരള ക്ലസ്റ്റർ ചീഫ് നഴ്സിംഗ് ഓഫീസർ ഡോ.എലിസബത്ത് വർക്കി ഉദ്ഘാടനം നിർവഹിച്ചു.ടി.എൻ.എ. ഐ.കേരള സ്റ്റേറ്റ് ബ്രാഞ്ച് പ്രസിഡന്റും വെൽകെയർ കോളെജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പലുമായ പ്രൊഫ. ഡോ.രേണു സൂസൻ തോമസ്, എം.ഒ. എസ്. സി മെഡിക്കൽ മിഷൻ ആശുപത്രി ചാപ്ലയിൻ ഫാ. ജോൺ കുര്യാക്കോസ്,ലെഫ്.കേണൽ ഗ്രേസി ജോസഫ് (റിട്ട), എം.ഒ.എസ്.സി കോളെജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ പ്രൊഫ.ഡോ. നമിതസുബ്രഹ്മണ്യം തുടങ്ങിയവർ ആശംസകൾ അറിയിച്ചു.എം. ഒ.എസ്. സി നഴ്സിംഗ് കോളെജ് അവസാന വർഷ വിദ്യാർത്ഥികളും, മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ നഴ്സിംഗ് ജീവനക്കാരും ശിൽപശാലയിൽ പങ്കെടുത്തു.

ത്രിദിന ശില്പശാല ആസ്റ്റർ ഡി.എം സൗത്ത് കേരള ക്ലസ്റ്റർ ചീഫ് നേഴ്സിംഗ് ഓഫീസർ ഡോ.എലിസബത്ത് വർക്കി ഉദ്ഘാടനം ചെയ്യുന്നു.

സമാന്തര പാലം നിർമിക്കണം: ഗോശ്രീ മനുഷ്യാവകാശ സംരക്ഷണ സമിതി

കൊച്ചി: ഗോശ്രീ ബോൾഗാട്ടി-എറണാകുളം വൈപ്പിൻ വല്ലാർപാടം പാലങ്ങൾക്ക് സമാന്തര പാലം നിർമിക്കണമെന്ന് ആവശ്യപ്പെട്ടു ഗോശ്രീ മനുഷ്യാവകാശ സമിതി ശ്രദ്ധക്ഷണിക്കൽ സദസ് നടത്തും. ഗോശ്രീ വൈപ്പിൻ- വല്ലാർപാടം, ബോൾഗാട്ടി- എറണാകുളം പാലങ്ങൾക്ക് സമാന്തര പാലം ഇല്ലാത്തിനാൽ ഇവിടെ ഗതാഗതക്കുരുക്ക് രൂക്ഷമാണ്. പണി തീർന്നുകൊണ്ടിരിക്കുന്ന മുനമ്പം- അഴീക്കോട് പാലം കൂടി വരുമ്പോൾ അവിടെനിന്നും വരുന്ന വാഹനങ്ങൾ കടന്നുപോകുന്നതിന് സമാന്തരപാലം അത്യന്താപേക്ഷിതമാണെന്ന് ഗോശ്രീ മനുഷ്യാവകാശ സമിതി ചൂണ്ടിക്കാട്ടി.

പിണവൂർ കുടിയിൽ അടഞ്ഞുകിടന്ന ലേഡീസ് ഹോസ്റ്റൽ ഇനി ബോയ്സ് ഹോസ്റ്റലാകും

കോതമംഗലം: പിണവൂർ കുടി ഗവ. ഹൈസ്കൂളിന് ജില്ലാ പഞ്ചായത്ത് നേതൃത്വത്തിൽ ഹോസ്റ്റൽ സൗകര്യം ഒരുങ്ങുന്നു. വർഷങ്ങളായി അടഞ്ഞുകിടന്ന ലേഡീസ് ഹോസ്റ്റൽ കെട്ടിടം ഇനി ബോയ്സ് ഹോസ്റ്റലാകും. 45 വർഷം മുമ്പ് ഏകാധ്യാപക സ്കൂളായി തുടങ്ങി, പിന്നീട് എൽപി, യുപി സ്കൂളുകളായി വളർന്ന പിണവൂർ കുടി ഗവ. ഹൈസ്കൂളിന്റെ ചരിത്രത്തിലെ നിർണായക വഴിത്തിരിവ്. വർഷങ്ങളായി ഉപയോഗമില്ലാതെ കിടന്നിരുന്ന ലേഡീസ് ഹോസ്റ്റൽ കെട്ടിടം ആണ് കോതമംഗലം എം എ കോളെജിന്റെ സഹായത്തോടെ നവീകരണ പ്രവർത്തനങ്ങൾ നടത്തി ആദിവാസി ബോയ്സ് ഹോസ്റ്റലായി മാറ്റുക എന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാധാകൃഷ്ണൻ പറഞ്ഞു.

പിണവൂർ കുടിയിൽ ആദ്യം സ്കൂൾ തുടങ്ങുന്നതിന് തലമുത്തൻ എന്ന ആദിവാസി സമുദായാംഗം സ്ഥലം വിട്ടുനൽകിയതാണ് തുടക്കം. ഏഴ് വർഷങ്ങൾക്ക് ശേഷം യുപി സ്കൂൾ നിർമ്മാണത്തിനായി ഇപ്പോൾ ലേഡീസ് ഹോസ്റ്റൽ സ്ഥിതി ചെയ്യുന്ന 50 സെന്റ് സ്ഥലം ഏലച്ചൻ വിട്ടുനൽകി.2002-ൽ അധ്യാപകനായി ചാർജെടുത്ത മണികണ്ഠൻ മാസ്റ്ററുടെ മുൻകൈയിൽ ആണ് ഈ സ്ഥലത്ത് ആദ്യ ബിൽഡിംഗിന്റെ നിർമ്മാണം ആരംഭിച്ചത്. എന്നാൽ പണി പൂർത്തിയാക്കാൻ സാധിച്ചില്ല. നിലവിൽ എസ്.ടി ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ബോയ്സ് ഹോസ്റ്റലിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനെ തുടർന്ന് വിദ്യാർത്ഥികളെ അടിയന്തരമായി മാറ്റി പാർപ്പിക്കേണ്ട സാഹചര്യമാണ് ഉണ്ടായത്. ഇത് പരിഹരിച്ചില്ലെങ്കിൽ പിണവൂർ കുടി ഗവ. ഹൈസ്കൂളിൽ നിന്ന് വിദ്യാർത്ഥികൾ പുറത്തുപോകേണ്ടി വരുമെന്ന അവസ്ഥ വന്നു. ഇതോടെയാണ് വിഷയത്തിൽ ജില്ലാ പഞ്ചായത്ത് ഇടപെട്ടത്.

എറണാകുളം ജില്ലാ പഞ്ചായത്ത്,കുട്ടമ്പുഴ ഗ്രാമ പഞ്ചായത്ത്, കോതമംഗലം എം.എ. കോളെജ്, ട്രൈബൽ ഡിപ്പാർട്ട്മെന്റ് എന്നിവർ ചേർന്നാണ് ഇതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുന്നത്.

കവർച്ചാ കേസിൽ ആറുപേർ അറസ്റ്റിൽ

ആലുവ : അതിഥി തൊഴിലാളികൾ വാടകയ്ക്ക് താമസിക്കുന്ന വീട്ടിൽ അതിക്രമിച്ചു കയറി കവർച്ച നടത്തിയ കേസിൽ ആറു പേർ അറസ്റ്റിൽ. എരുമത്തല ആലിങ്കൽ വീട്ടിൽ അനസ് (28), കാഞ്ഞിരക്കാട് റയോൺപുരം പുന്നക്കൽ വീട്ടിൽ നൂഹ് (26), കൊല്ലം കരുനാഗപ്പള്ളി തൊടിയൂർ ഏണിക്കാട്ട് വീട്ടിൽ വിനോദ് കുമാർ (35), പെരുമ്പാവൂർ കാഞ്ഞിരക്കാട് ചെറുവള്ളിക്കുടി വീട്ടിൽ ഹസ്സൻ (25), മൂവാറ്റുപുഴ പേഴക്കാപ്പിള്ളി മൂസാരി മോലേത്ത് വീട്ടിൽ ഹിത്ബുള്ള ഷിയാസ് (21)പേഴക്കാപ്പിള്ളി കണ്ണേമ്പിള്ളി വീട്ടിൽ ആഷിക് അലിയാർ (21), എന്നിവരെയാണ് ആലുവ പൊലീസ് അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ ചൊവ്വാഴ്ച രാത്രിയാണ് സംഭവം ശിവഗിരി വിദ്യാനികേതൻ സ്കൂളിന് അടുത്തുള്ള വാടകവീട്ടിൽ അതിക്രമിച്ചു കയറുകയായിരുന്നു. പെരുമ്പാവൂർ ഭാഗത്ത് ലഹരി വിൽക്കുന്ന ഇതര സംസ്ഥാന തൊഴിലാളി ഈ ഭാഗത്ത് വാടകയ്ക്ക് താമസം ഉണ്ടെന്ന് പറഞ്ഞാണ് നാട്ടുകാർ എന്ന വ്യാജേന അതിക്രമിച്ചു കയറിയത്. ഇവർ ലക്ഷ്യം വച്ചു വന്ന അസം സ്വദേശി മാസങ്ങൾക്കു മുമ്പ് ഇവിടുന്ന് പോയിരുന്നു. ലഹരി വസ്തുക്കൾ ഉണ്ടെങ്കിൽ അതെടുത്തു കൊണ്ടുപോയി വിൽപ്പന നടത്തുകയായിരുന്നു ലക്ഷ്യം.അവിടെ ഉണ്ടായിരുന്നവരെ ആക്രമിക്കുകയും മൊബൈൽ ഫോണുകൾ, കവരുകയും ചെയ്തു.

GRIHUM | ഗൃഹം ഹൗസിങ് ഫിനാൻസ് ലിമിറ്റഡ് | രജിസ്ട്രേഡ് ഓഫിസ്: ആറാം നില, ബി ബിൽഡിംഗ്, ഗംഗ ട്രൂണോ, ലോഹെഗാവ്, ഔൺ, മഹാരാഷ്ട്ര 411014. ശാഖ ഓഫിസ് യൂണിറ്റ്: 1510, രണ്ടാം നില, ശ്രീ കോംപ്ലക്സ്, ട്രിച്ചി റോഡ്, കോയമ്പത്തൂർ, തമിഴ്നാട്-641018

ഇ-ലേല- വിൽപ്പന നോട്ടീസ്
സർഫേസി ആക്റ്റ് പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ളത്

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ് ("ദ ആക്റ്റ്"), 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിലെ റൂൾ 8&9 ചേർത്തുവായിക്കുക, പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേല വിൽപ്പന നോട്ടീസ്. ജാമ്യമായി നൽകിയിരിക്കുന്ന താഴെപ്പറയുന്ന സ്ഥാവര വസ്തുക്കൾ, പ്രസ്തുത ആക്റ്റിന്റെ സെക്ഷൻ 13(2) പ്രകാരമുള്ള നോട്ടീസ് അനുസരിച്ച് പ്രസ്തുത ആക്റ്റിന്റെ സെക്ഷൻ 13(12) പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ 8&9 ചേർത്ത് വായന പ്രകാരവും, സെക്യേർഡ് ക്രെഡിറ്ററുടെ അംഗീകൃത ഓഫിസർ ജപ്തി ചെയ്ത് ഏറ്റെടുത്തിട്ടുള്ളതാണെന്ന് വായ്പ്പക്കാർ/സഹവായ്പ്പക്കാർ/മോർട്ട്ഗേജർ/ജാമ്യക്കാർ എന്നിവർക്ക് പ്രത്യേകിച്ചും പൊതുജനങ്ങൾക്കു പൊതുവായും ഇതിനാൽ നോട്ടീസ് നൽകുന്നു. പ്രസ്തുത ജാമ്യവസ്തുക്കൾ 30.06.2026ന് "എവിടെയാണോ ഉള്ളത്" & "എന്താണോ ഉള്ളത്", "എന്തൊക്കെയാണോ ഉള്ളത്" അടിസ്ഥാനത്തിലും ഇ-ലേല വിൽപ്പന നടത്തുന്നതാണ്. https://www.bankeauctions.com എന്ന വെബ്സൈറ്റ് മുഖേന ആയിരിക്കും ഇ-ലേലം നടക്കുക എന്ന് പൊതുജനങ്ങളെ അറിയിക്കുന്നു. വിൽപ്പന സംബന്ധിച്ച നിബന്ധനകളും വ്യവസ്ഥകളും അറിയാൻ GHFL's/സെക്യേർഡ് ക്രെഡിറ്ററുടെ വെബ്സൈറ്റ് www.grihumhousing.com എന്നതിലെ ലിങ്ക് സന്ദർശിക്കുക.

Sl. No.	പ്രൊപ്പോസൽ നമ്പർ കസ്റ്റമറുടെ പേര് (A)	ഡിമാൻഡ് നോട്ടീസ് തിയതിയും കുടിശിക തുകയും (B)	ജപ്തിയുടെ തരം (C)	വസ്തുവിന്റെ വിശദാംശങ്ങൾ (D)	റിസർവ് തുക (E)	ഇഎംഡി (ആർപിയുടെ 10%) (F)	ഇഎംഡി സമർപ്പിക്കേണ്ട തിയതി (G)	ഇൻക്രിമെന്റൽ ബിഡ് (H)	വസ്തു പരിശോധിക്കുന്ന തിയതിയും സമയവും (I)	ലേലത്തിന്റെ തിയതിയും സമയവും (J)	അറിയുന്ന ബാധ്യതകൾ/കോടതി കേസുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ (K)
1	Loan No. HF0119H20100093 റെജിമോൻ എം.ആർ. (വായ്പ്പക്കാരൻ) ആശാമോൾ (സഹവായ്പ്പക്കാരൻ)	Notice date: 09-07-2025 Total Dues:Rs. 1055246/- (പത്തു ലക്ഷത്തി അമ്പത്തഞ്ചായിരത്തി ഇരുനൂറ്റി നാൽപ്പത്താറ് രൂപ). 09.07.2025 വരെയുള്ളതും, കുടിശിക തുക പൂർണമായി തിരിച്ചടയ്ക്കുന്നതുവരെ പ്രതിവർഷം 15.85% നിരക്കിലുള്ള പലിശയും സഹിതം	ഫിസിക്കൽ	ജില്ല: ആലപ്പുഴ, സബ് ജില്ല: പുത്തനമ്പലം, താലൂക്ക്: ചേർത്തല, വില്ലേജ്: തണ്ണീർമുക്കം സൗത്ത്, മുറി: ചാരമംഗലം, സർവെ നമ്പർ: 221/5, റീസർവെ ബ്ലോക്ക് നമ്പർ: 35, റീസർവെ നമ്പർ: 181/6 [181/6-3-2], സ്ഥലത്തിന്റെ വിസ്തീർണ്ണം: 1.21 ആർസ്, ടി.പി. നമ്പർ: 8721, വസ്തുവിന്റെ തരം: പാർപ്പിട യോഗ്യമായ സ്ഥലം, ഭൂമിയുടെ അവകാശം: ജന്മം, അതിർത്തി: മുഹമ്മ പഞ്ചായത്ത്. പുത്തനമ്പലം സബ് രജിസ്ട്രാർ ഓഫിസിലെ 1306/11-ാം നമ്പർ സെറ്റിൽമെന്റ് ഡീഡ് പ്രകാരം, റെജിമോന്റെ കൈവശമുള്ളതും, അദ്ദേഹത്തിന്റെ മാതാവ് ചെല്ലമ്മയുടെ പരിമിതമായ അവകാശങ്ങൾക്ക് വിധേയമായതുമായ, വഴി സൗകര്യത്തോടു കൂടിയ വസ്തുവിന്റെ എല്ലാ ഭാഗങ്ങളും അവകാശങ്ങളും ഉൾപ്പടെ. വസ്തുവിന്റെ അതിർത്തികൾ [ലൊക്കേഷൻ സ്കെച്ച് പ്രകാരം] കിഴക്ക്: രമണന്റെ സ്ഥലം, വടക്ക്: ചെല്ലമ്മയുടെ സ്ഥലം, പടിഞ്ഞാറ്: തോട്, തെക്ക്: സരോജിനിയുടെ സ്ഥലം.	Rs. 1443467.00/- (പതിനാല് ലക്ഷത്തി നാൽപ്പത്തിമൂവായിരത്തി നാനൂറ്റി അറുപത്തേഴ് രൂപ)	Rs. 144346.70/- (ഒരു ലക്ഷത്തി നാൽപ്പത്തിനാലായിരത്തി മുന്നൂറ്റി നാൽപ്പത്താറ് രൂപ എഴുപത് പൈസ)	29-06-2026 Before 5 PM	10,000/-	16-06-2026 (11AM – 4PM)	30-06-2026 (11 AM- 2PM)	ഇല്ല

ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്ന ലേലക്കാർ/വാങ്ങുന്നവർ സെക്യേർഡ് ക്രെഡിറ്റർ ബ്രാഞ്ചും ലേല വസ്തുവകകളും സന്ദർശിച്ച് സ്വന്തമായി അന്വേഷണം നടത്തുകയും അധിക ചാർജുകൾ, ബാധ്യതകൾ, മൂന്നാം കക്ഷി താൽപ്പര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുകയും ലേലങ്ങൾ സമർപ്പിക്കുന്നതിന് മുമ്പ് എല്ലാ കാര്യങ്ങളിലും സ്വയം തൃപ്തിപ്പെടുകയും ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു. പ്രോപ്പർട്ടി നികുതി, വൈദ്യുതി/വെള്ള കുടിശ്ശിക, പ്രോപ്പർട്ടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് കുടിശ്ശികകൾ എന്നിവ പോലുള്ള എല്ലാ നിയമപരമായ കുടിശ്ശികകളും വിജയിച്ച ലേലക്കാരൻ ഉറപ്പുവരുത്തുകയും അടയ്ക്കുകയും വേണം. താൽപ്പര്യമുള്ള ലേലക്കാർ പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും ലേല സേവന ദാതാവായ C1 ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിൽ നിന്ന് (ഇ-ബിഡ്ഡിംഗിന് നിർബന്ധമായി) ലോഗിൻ ഐഡിയും പാസ്വേഡും മുൻകൂട്ടി നേടുകയും വേണം. വിലാസം- പ്ലോട്ട് നമ്പർ-68 മൂന്നാം നില ഗുഡ്ഗാവ് ഹരിയാന-122003. ഹെൽപ്പ്ലൈൻ നമ്പർ- 7291981124,25,26 പിന്തുണ ഇമെയിൽ ഐഡി - Support@bankeauctions.com. ബന്ധപ്പെടേണ്ട വ്യക്തി - ധരണി പി, ഇമെയിൽ ഐഡി - dharani.p@c1india.com ബന്ധപ്പെടേണ്ട നമ്പർ - 9948182222. ഇ-ലേലത്തിൽ പങ്കെടുക്കുന്നവർക്ക് ഇവരിൽ നിന്ന് മാത്രമേ ഓൺലൈൻ പരിശീലനം ലഭിക്കൂ എന്ന കാര്യം ദയവായി ശ്രദ്ധിക്കുക. ഉദ്ദേശിക്കുന്ന വാങ്ങുന്നയാൾ/ബിഡർ എണസ്റ്റ് മണി ഡെപ്പോസിറ്റ് (EMD) തുക NEFT/RTGS/DD വഴി 'ഗൃഹം ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് - ലേലം A/C യിൽ നിന്ന് വരുമാനം', ബാങ്ക്-ഐസിഐസിഐ ബാങ്ക് ലിമിറ്റഡ് എന്ന അക്കൗണ്ടിൽ സമർപ്പിക്കേണ്ടതുണ്ട്. അക്കൗണ്ട് നമ്പർ-091551000028, IFSC കോഡ്-ICIC0000915, ഐസിഐസിഐ ബാങ്ക് ലിമിറ്റഡ്, പഞ്ചിൽ ടെക് പാർക്ക്, ഗണപതി ചൗക്കിന് സമീപം, 43/44 വിമാന നഗർ - 411014, ഏതെങ്കിലും ദേശസാൽകൃത അല്ലെങ്കിൽ ഷെഡ്യൂൾ ചെയ്ത ബാങ്കിൽ നിന്ന് 29-06-2026-നോ അതിനുമുമ്പോ എടുത്തതായിരിക്കണം. https://www.bankeauctions.com-ൽ അവരുടെ പേര് രജിസ്റ്റർ ചെയ്യുകയും സൗജന്യമായി ഉപയോക്തൃ ഐഡിയും പാസ്വേഡും നേടുകയും സേവന ദാതാവിൽ നിന്ന് ഇ-ലേലത്തിൽ പരിശീലനം നേടുകയും വേണം. വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത ശേഷം, വാങ്ങുന്നയാൾ/ലേലക്കാരൻ താഴെപ്പറയുന്ന രേഖകളുടെ പകർപ്പുകൾ അപ്ലോഡ് ചെയ്യുകയും, ഇ-മെയിൽ ചെയ്യുകയും, സ്വയം സാക്ഷ്യപ്പെടുത്തിയ ഹാർഡ് കോപ്പി നമ്പർ, 1510, രണ്ടാം നില, ശ്രീ കോംപ്ലക്സ്, ട്രിച്ചി റോഡ്, കോയമ്പത്തൂർ, തമിഴ്നാട്-641018 എന്ന വിലാസത്തിൽ അയയ്ക്കുകയും വേണം. മൊബൈൽ നമ്പർ +91 8281138143 ഇ-മെയിൽ ഐഡി p.adith@grihumhousing.com നിബന്ധനകളെയും വ്യവസ്ഥകളെയും കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ഇ-ലേലത്തിൽ പങ്കെടുക്കാൻ https://www.bankeauctions.com&www.grihumhousing.com സന്ദർശിക്കുക.
സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ-2002-ന്റെ റൂൾ 8(6) പ്രകാരം വായ്പ്പക്കാർ/സഹവായ്പ്പക്കാർ/മോർട്ട്ഗേജർ/ജാമ്യക്കാർ എന്നിവർക്കുള്ള 30 ദിവസത്തെ നോട്ടീസായി ഈ അറിയിപ്പ് പരിഗണിക്കണം.

ഏത് സാഹചര്യത്തിലും, പ്രാദേശിക ഭാഷാ പ്രസിദ്ധീകരണത്തിന്റെയും ഇംഗ്ലീഷ് പത്ര പ്രസിദ്ധീകരണത്തിന്റെയും ഉള്ളടക്കത്തിൽ എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ, ബിസിനസ് സ്റ്റാൻഡേർഡിൽ പ്രസിദ്ധീകരിക്കുന്ന ഇംഗ്ലീഷ് പത്ര ഭാഷയുടെ ഉള്ളടക്കം നിലനിൽക്കും.

തിയതി: 30.05.2026 സ്ഥലം: കേരളം — ഒപ്പ്/- അംഗീകൃത ഓഫീസർ, ഗൃഹം ഹൗസിങ് ഫിനാൻസ് ലിമിറ്റഡ്

Edited, Printed and Published by Prasanth Narayanan on behalf of M/s.Vaartha News Network Pvt.Ltd., V Rejikumar (Executive Editor), Vol.11, Issue No.143.RNI No.KERMAL/2018/76414 Printed at Ideal Printers, Chalikkavattom, Vennala PO, Kochi-682028 and Published from Vaartha News Network Pvt.Ltd 3rd Floor, KTDFC Bldg., (KSRTC Bus Stand) Angamaly P.O. Ernakulam - 683572. Ph: 0484 2383388 Email: alpbureau@metrovaartha.com, info@metrovaartha.com